പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4700 05/02/2014-ലെ മറുപടിക്ക്

മിൽക്ക് ഷെഡ് വികസന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ;<br>ശ്രീ. പാലോട് രവി ;<br>ശ്രീ. സണ്ണി ജോസഫ് ;<br>ശ്രീ. സി.പി. മുഹമ്മദ് ; | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മിൽക്ക് ഷെഡ് വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ; | (എ) (ബി) & (സി) | കൂടുതൽ പേരെ പുതുതായി ക്ഷീര-മേഖലയിലേയ്ക്ക് ആകർഷിക്കുകയും നിലവിലുള്ളവരെ ഈ മേഖലയിൽ തുടരുന്നതിന് പ്രേരിപ്പിക്കുകയും, അതുവഴി ക്രമേണ പാലുൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിയ്ക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ മിൽക്ക്ഷെഡ് വികസനപദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. 2/5/10 പശു, 5/10 കിടാരി യൂണിറ്റുകൾ ആരംഭിക്കുന്നതിന് സബ്സിഡി, കറവയന്ത്രം വാങ്ങുന്നതിന് ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണത്തിന് ധനസഹായം എന്നീ ഘടകങ്ങളാണ് മിൽക്ക്ഷെഡ് വികസനപദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്നത്. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | | |
| (സി) | പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ; | | |
| (ഡി) | പദ്ധതിയ്ക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (ഡി) | നടപ്പുവർഷത്തേയ്ക്ക് 20 കോടി രൂപ അടങ്കൽ തുകയിൽ മിൽക്ക്ഷെഡ് വികസനപദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കിവരികയാണ്. ജില്ലകൾക്ക് ടാർജറ്റ് നിശ്ചയിച്ച്, ഫണ്ട് അനുവദിച്ച് നൽകി, പദ്ധതി നിർവ്വഹണം അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ